**പതിനാലാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ **1957** **11.06.2018**- ൽ മറുപടിയ്ക്ക്

## എൻഡോസൾഫാൻ ദുരിതബാധിതർക്ക് സംരക്ഷണം

ചോദ്യം | മറുപടി

ശ്രീ. എ.എൻ.ഷംസീർ | പിണറായി വിജയൻ (മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം എൻഡോസൾഫാൻ ദുരിതമനുഭവിക്കുന്നവർക്ക് എത്ര തുക അനുവദിച്ചിട്ടുണ്ട്; ആയത് മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എൻഡോസൾഫാൻ ദുരിതബാധിതർക്ക് പ്രത്യേക ധനസഹായം നൽകുന്നതിലേയ്ക്ക് 56.76 കോടി രൂപ അനുവദിച്ചിട്ടുണ്ട്. കൂടാതെ എൻഡോസൾഫാൻ ദുരിതബാധിതർക്ക് സൗജന്യ ചികിത്സ അനുവദിച്ച വകയിൽ 4.6 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. 2013 ആഗസ്റ്റ് മാസം നടത്തിയ സ്പെഷ്യലിസ്റ്റ് മെഡിക്കൽ ക്യാമ്പുകളിൽ പങ്കെടുത്തവരിൽ നിന്നും നിലവിലുള്ള മാനദണ്ഡപ്രകാരം ദുരിതബാധിത പട്ടികയിൽ ഉൾപ്പെടുത്താൻ സാധിക്കാത്തതും എന്നാൽ ഗുരുതരരോഗമുള്ളവരുമായ 127 പേർക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് ഒരു ലക്ഷം രൂപ വീതം അനുവദിച്ച് |

| | | | |
|---|---|---|---|
| | | | നൽകിയിട്ടുണ്ട്. ഇപ്രകാരം ആകെ 62.63 കോടി രൂപ മേൽ ഇനങ്ങൾക്കായി അനുവദിച്ചിട്ടുണ്ട്. മണ്ഡലം തിരിച്ചുള്ള കണക്ക് പ്രത്യേകമായി തയ്യാറാക്കിയിട്ടില്ല. |
| (ബി) | എൻഡോസൾഫാൻ ദുരിതമനുഭവിക്കുന്നവരെ സംരക്ഷിക്കാൻ എന്തെല്ലാം നടപടിക്രമങ്ങൾ ആണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ? | (ബി) | വിശദവിവരം അനുബന്ധമായി ചേർക്കുന്നു. |

**സെക്ഷൻ ഓഫീസർ**

# എൻഡോസൾഫാൻ ദുരിതബാധിതരുടെ പുനരധിവാസത്തിനായി നടത്തിവരുന്ന പ്രവർത്തനങ്ങൾ

1. ദുരിതബാധിതരെ കണ്ടെത്തുന്നതിനായി പ്രത്യേക സ്പെഷലിസ്റ്റ് മെഡിക്കൽ ക്യാമ്പുകൾ

എൻഡോസൾഫാൻ ദുരിതബാധിതരെ കണ്ടെത്തുന്നതിനായി ജില്ലയിൽ ഇതുവരെ 39 സ്പെഷ്യലിസ്റ്റ് മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിച്ചിട്ടുണ്ട്.

2. **ദുരിതബാധിതർക്ക് പ്രത്യേക ധനസഹായം**– എൻഡോസൾഫാൻ ദുരിതബാധിത പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള പൂർണ്ണമായും കിടപ്പിലായവർ, ബുദ്ധിമാന്ദ്യം സംഭവിച്ചവർ, മരണപ്പെട്ടവരുടെ ആശ്രിതർ, ശാരീരീക വൈകല്യമുള്ളവർ, കാൻസർ രോഗികൾ എന്നവർക്ക് ദേശിയ മനുഷ്യാവകാശ കമ്മീഷൻ ശുപാർശ ചെയ്ത ധനസഹായം അനുവദിച്ചിട്ടുണ്ട്.

## ചികിത്സാ സേവനങ്ങൾ

ആരോഗ്യമേഖലയിൽ കാസറഗോഡ് ജില്ലയിൽ എൻഡോസൾഫാൻ ദുരിതബാധിതർക്കായി നടപ്പിലാക്കി വരുന്ന പദ്ധതികൾ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. സൌജന്യ സ്പെഷ്യലിസ്റ്റ് & സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സ

കാസറഗോഡ് ജില്ലയിൽ എൻഡോസൾഫാൻ ദുരിതബാധിതമേഖലകളിലെ വിവിധ ആരോഗ്യകേന്ദ്രങ്ങളിലായി ദുരിതബാധിതർക്ക് സൌജന്യ സ്പെഷ്യലിസ്റ്റ് & സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സലഭ്യമാക്കി വരുന്നു. രോഗികൾക്ക് വിദഗ്ധചികിത്സ നൽകുന്നതിനായി കേരളത്തിലും കർണ്ണാടകയിലുമായി 17 ആശുപത്രികൾ എംപാനൽ ചെയ്യപ്പെട്ടിട്ടുണ്ട്.

### എംപാനൽഡ് ആശുപത്രികൾ

- യെനപ്പോയ മെഡിക്കൽ കോളേജ് ആശുപത്രി, മംഗലാപുരം
- പരിയാരം മെഡിക്കൽ കോളേജ് ആശുപത്രി, കണ്ണൂർ
- കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രി
- ശ്രീചിത്ര ഇ ൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ്, തിരുവനന്തപുരം
- റീജിയണൽ ക്യാൻസർ സെൻറർ , തിരുവനന്തപുരം

- മലബാർ ക്യാൻസർ സെൻറർ, തലശ്ശേരി
- ICCONS ഷൊർണ്ണൂർ
- W & C ആശുപത്രി , മാങ്ങാട്ടുപറമ്പ്
- ജനറൽ ആശുപത്രി, കാസറഗോഡ്
- ജനറൽ ആശുപത്രി, തലശ്ശേരി
- ജില്ലാ ആശുപത്രി, കാഞ്ഞങ്ങാട്
- ജില്ലാ ആശുപത്രി, കണ്ണൂർ
- കസ്തൂർബ മെഡിക്കൽ കോളേജ് ആശുപത്രി,മണിപ്പാൽ
- കസ്തൂർബ മെഡിക്കൽ കോളേജ് ആശുപത്രി ,മംഗലാപുരം
- ലിറ്റിൽ ഫ്ലവർ കണ്ണാശുപത്രി ,അങ്കമാലി
- ഗവ ആയുർവേദ ആശുപത്രി
- ഗവ ഹോമിയോ മെഡിക്കൽ കോളേജ് ആശുപത്രി ,കോഴിക്കോട്

2. **മൊബൈൽ മെഡിക്കൽ യൂണിറ്റ്**
   - കിടപ്പിലായ രോഗികൾക്ക് വീട്ടിലെത്തി ചികിത്സ ലഭ്യമാക്കുന്നതിനായി മെഡിക്കൽ യൂണിറ്റ് പ്രവർത്തിക്കുന്നു.
   - ആവശ്യമായ വീടുകളിൽ ചെന്ന് സാന്ത്വന ചികിത്സ നൽകുന്നതിനായി ജില്ലയിലെ 11 ഗ്രാമപഞ്ചായത്തുകളിൽ സ്റ്റാഫ് നഴ്സുമാരെ നിയമിച്ചിട്ടുണ്ട്.

3. **ഡയാലിസിസ് യൂണിറ്റ്**

വൃക്ക രോഗബാധിതരിൽ ഹീമോ ഡയാലിസിസ് ആവശ്യമായി വരുന്ന രോഗികൾക്ക് അതിൻെറ സൌകര്യം ലഭ്യമാക്കുന്നതിനായി പദ്ധതിയുടെ ഭാഗമായി കാസറഗോഡ് ജനറൽ ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ് ആരംഭിച്ചിട്ടുണ്ട് 8 ഡയാലിസിസ് മെഷീനുകൾ ഇതിനായി സജ്ജീകരിച്ചിട്ടുണ്ട്

4. **ദുരിതബാധിതർക്ക് യാത്രാസൌകര്യം**

ദുരിതബാധിതരെ ചികിത്സക്കായി ആശുപത്രികളിൽ എത്തിക്കുന്നതിനായി ജില്ലയിലെ 11 ഗ്രാമപഞ്ചായത്തുകളിലും കരാറടിസ്ഥാനത്തിൽ വാഹനങ്ങൾ ഏർപ്പാട് ചെയ്തിട്ടുണ്ട്.

5. ഫിസിയോതെറാപ്പി സേവനം

ജില്ലയിലെ 11 ഗ്രാമപഞ്ചായത്തുകളിലെ പി.എച്ച്. സി , സി.എച്ച്.സി കളിൽ ഫിസിയോ തെറാപ്പിസ്റ്റുമാരെ നിയമിച്ചിട്ടുണ്ട്. പ്രസ്തുത പി.എച്ച്.സി/ സി.എച്ച്.സി കളിലും കിടപ്പിലായ രോഗികളുടെ വീടുകളിലായി ഗുണഭോക്താക്കൾ സൌജന്യസേവനം പ്രയോജനപ്പെടുത്തി വരുന്നു. ജനറൽ ആശുപത്രി, ജില്ലാ ആശുപത്രി എന്നിവിടങ്ങളിലും സുസജ്ജമായ ഫിസിയോ തെറാപ്പി യൂണിറ്റുകൾ പ്രവർത്തിച്ചു വരുന്നു.

6. പീഡിയാട്രിക് ഐ.സി.യു

നാബാർഡ് RIDF പദ്ധതിയുടെ ഭാഗമായി ജില്ലയിലെ ആശുപത്രികളിൽ ഭൌതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനു വേണ്ടി പുതിയ കെട്ടിടങ്ങൾ നിർമ്മിച്ചു വരുന്നു. കാഞ്ഞങ്ങാട് ജില്ലാ ആശുപത്രിയിൽ 4 ബെഡ്ഡ് പീഡിയാട്രിക് ഐ.സി യൂണിറ്റ് സജ്ജീകരിച്ചിട്ടുണ്ട്.

ഡെത്ത് ഓഡിറ്റ് കമ്മിറ്റിയുടെ <u>ശുപാർശ പ്രകാരമുള്ള ധനസഹായം</u>

എൻഡോസൾഫാൻ ദുരിതബാധിതരുടെ പട്ടികയിൽ ഉൾപ്പെടാതെ മരണപ്പെട്ടവരും എന്നാൽ എൻഡോസൾഫാൻ ദുരിതബാധിതരെന്ന് കണ്ടെത്തിയിട്ടുള്ളവരുമായവരുടെ ആശ്രിതർക്ക് ദേശീയ മനുഷ്യാവകാശ കമ്മീഷൻ ശുപാർശ ചെയ്തിട്ടുള്ള പ്രത്യേക ധനസഹായം അനുവദിച്ചു വരുന്നുണ്ട്.

ട്രീറ്റ്മെൻറ് കമ്മിറ്റി

ദുരിതബാധിതരുടെ പട്ടികയിൽ ഉൾപ്പെട്ടിട്ടില്ലാത്ത എന്നാൽ എൻഡോസൾഫാൻ ദുരിതബാധിതരായി കണക്കാക്കാൻ സാധിക്കുന്ന അടിയന്തിര ചികിത്സ ആവശ്യമായിട്ടുള്ളവർക്ക് ചികിത്സ അനുവദിക്കുന്നതിനായി ട്രീറ്റ്മെൻറ് കമ്മിറ്റി പ്രവർത്തനം നടത്തിവരുന്നുണ്ട് .

## ദുരിബാധിതരുടെ കടബാദ്ധ്യതകൾ

ദുരിതബാധിതരുടെ കടബാദ്ധ്യതകൾ നിലവിലെ സർക്കാർ ഉത്തരവിന് വിധേയമായി എഴുതിത്തള്ളുന്ന നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. ദുരിതബാധിതരുടെ 50000 രൂപ (വരെയുള്ള) കടബാധ്യതകൾ എഴുതിതത്തള്ളിയിട്ടുണ്ട് (1.10 കോടി രൂപ). 3 ലക്ഷം രൂപ വരെയുള്ള അർഹമായ കടബാധ്യതകൾ എഴുതിത്തള്ളുന്നതിനായി 7.6 കോടി രൂപ അനുവദിക്കുന്നതിന്

തീരുമാനമായിട്ടുണ്ട്.

## NABARD-RIDE ENDOSULFAN PACKAGE

കസറഗോഡ് ജില്ലയിലെ സാമൂഹ്യസേവന മേഖലയിൽ അടിസ്ഥാനസൌകര്യങ്ങൾ ഒരുക്കുന്നതിനായി 233 പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ആശുപത്രികൾ ,സ്കൂൾ കെട്ടിടങ്ങൾ , അംഗൺവാടികൾ, ജല ജലവിതരണ പദ്ധതികൾ തുടങ്ങിയവയാണ് പ്രധാനമായും പദ്ധതികളിൽ ഉൾപ്പെടുന്നത് ജല വിതരണ പദ്ധതികളുടെ നടത്തിപ്പിനുള്ള ചുമതല കേരള വാട്ടർ അതോറിറ്റിയുടെ കാസറഗോഡ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്കും കണ്ണൂർ സൂപ്രണ്ടിംഗ് എഞ്ചിനീയർക്കും ആണ് സാമൂഹ്യക്ഷേമം . മൃഗസംരക്ഷണം എന്നീ മേഖലകളിലെ പദ്ധതികളുടെ നടത്തിപ്പ് , ആരോഗ്യം, വിദ്യാഭ്യാസം, കാസറഗോഡ് എൽ എസ് ജി ഡി എക്സിക്യൂട്ടീവ് എഞ്ചിനീയർക്കും ആണ്.

| ക്രമനം | വകുപ്പ് | പദ്ധതികളുടെ എണ്ണം |
|---|---|---|
| 1 | സാമൂഹ്യക്ഷേമം | 66 |
| 2 | വിദ്യാഭ്യാസം | 66 |
| 3 | ആരോഗ്യം | 44 |
| 4 | മൃഗസംരക്ഷണം | 5 |
| 5 | ജലവിതരണം | 52 |

പ്രസ്തുത പദ്ധതികളിൽ 197 പദ്ധതികൾ പൂർത്തിയായിട്ടുണ്ട് മറ്റു പ്രവർത്തികൾ തുടർന്ന് വരുന്നുണ്ട്.

അനുവദിച്ച തുക

| YEAR | AMOUNT ALLOTED IN LAKH | EXPENDITURE |
|---|---|---|
| 2013-14 | 4000 | 11,18,82,352 |
| 2014-15 | 2530 | 25,29,68,829 |
| 2015-16 | 2700 | 24,84,68,272 |
| 2016-17 | 2000 | 19,99,79,726 |
| 2017-18 | 3100 | 30,99,97,217 |
| TOTAL | 14330 | **11232963396** |

## സമഗ്ര പുനരധിവാസ ഗ്രാമം

എൻഡോസൾഫാൻ ദുരിതബാധിതർക്ക് ശാരീരികവും മാനസികവുമായ സമഗ്ര പുനരധിവാസം ലക്ഷ്യമാക്കി ഒരു റിഹാബിലിറ്റേഷൻ വില്ലേജ് കാസറഗോഡ് ജില്ലയിലെ മുളിയാർ വില്ലേജിൽ സ്ഥാപിക്കുന്നതിന് തീരുമാനമായിട്ടുണ്ട്.പ്രസ്തുത സംവിധാനത്തിൽ തൊഴിൽ പരിശീലനം, ഫിസിക്കൽ റീഹാബിലിറ്റേഷൻ, വിദഗ്ധ ആരോഗ്യപരിപാലനം,ഷോർട്ട് സ്റ്റേ, മാനസിക വികസനത്തിനുള്ള വ്യക്ത്യാധിഷ്ഠിത കോഴ്സുകൾ തുടങ്ങിയ കാര്യങ്ങളാണ് പരിഗണനയിൽ ഉള്ളത്. മുളിയാർ പഞ്ചായത്തിൽ പ്ലാന്റേഷൻ കോർപ്പറേഷന്റെ കൈവശമുള്ള ഭൂമിയിൽ നിന്ന് റിഹാബിലിറ്റേഷൻ വില്ലേജിന് അനുയോജ്യമായ 25 ഏക്കർ ഭൂമി കണ്ടെത്തുകയും പ്രസ്തുത ഭൂമി സാമൂഹ്യനീതി വകുപ്പിന് ഉപയോഗാനുമതിയും , .കൈവശാവകാശവും നൽകി സർക്കാർ ഉത്തരവാകുകയും ചെയ്തിട്ടുണ്ട് 25 കോടി എസ്റ്റിമേറ്റുള്ള പ്രസ്തുത പുനരധിവാസഗ്രാമത്തിന്റെ രൂപകൽപന കോഴിക്കോട് ഊരാളുങ്കൾ ലേബർ കോൺട്രാക്റ്റ് കോ ഓപ്പറേറ്റീവ് സൊസൈറ്റിയെ ഏൽപിച്ചുകൊണ്ട് ഉത്തരാവാക്കുന്നതിന് സാമൂഹ്യനീതി ഡയറക്ടർക്ക് സർക്കാർ തലത്തിൽ നിർദ്ദേശം നൽകി ഉത്തരവായിട്ടുണ്ട്.

**ബഡ്സ് സ്കൂളുകൾ (സ്പെഷൽ സ്കൂളുകൾ)**

മാനസിക വൈകല്യമുള്ള ദുരിതബാധിതരെ പരിപാലിക്കുന്നതിനായി എൻഡോസൾഫാൻ ദുരിത ബാധിത പഞ്ചായത്തുകളിലായി 6 എണ്ണവും നിലേശ്വരം 
മുനിസിപ്പാലിറ്റിയിൽ ഒന്നുമായി ആകെ 7 സ്പെഷ്യൽ
സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട് (സ്പെഷ്യൽ) ~~ബഡ്സ് 2 മുൻസിപ്പാലിറ്റിയിൽ ഒന്നമായി ആകെ~~ ബഡ്സ് സ്കൂളുകൾക്ക് വാ— (സ്പെഷ്യൽ)ക്ക് വാഹന സൌകര്യവും ഏർപ്പെടുത്തിയിട്ടുണ്ട്.കൂടാതെ നബാർഡ് ആർ ഐ ഡി എഫ് എൻഡോസൾഫാൻ പാക്കേജ് പ്രകാരം-10 ദുരിതബാധിത പഞ്ചായത്തുകളിൽ ആധുനിക സൌകര്യങ്ങളോട് കൂടിയ ബഡ്സ് സ്കൂളുകൾ നിർമ്മിച്ചു വരുന്നുണ്ട്..

നിലവിൽ പ്രവർത്തിക്കുന്ന ബഡ്സ് സ്കൂളുകൾക്ക്(7സ്പെഷ്യൽ) വാഹനങ്ങൾ മനോരമ സ്നേഹനിധിയിൽ നിന്നുള്ള ഫണ്ട് ഉപയോഗിച്ച് ജില്ല കളക്ടറുടെ പേരിൽ വാങ്ങി ബന്ധപ്പെട്ട പഞ്ചായത്തുകൾ /മുനിസിപ്പാലിറ്റി ക്ക് അനുവദിക്കുകയും ചെയ്തിട്ടുണ്ട്/

നബാർഡ്ആർ ഐ ഡി എഫ് എൻഡോസൾഫാൻ പാക്കേജ് ഉള്ള പെരിയ - ബഡ്സ് സ്പെഷൽ സ്കൂൾ മലയാള മനോരമയുടെ സഹായത്തോട് കൂടി അന്താരാഷ്ട്ര നിലാവാരത്തിലുള്ള ഒരു മോഡൽ ബഡ്സ് സ്കൂളായി ഉയർത്തുന്നതിനായുള്ള നടപടികൾ പൂർത്തീകരിച്ച് .ഞ് സ്കൂൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്(4 നവംബർ 2016)

## എൻഡോസൾഫാൻ നിർവീര്യമാക്കൽ

കേരള പ്ലാന്റേഷൻ കോർപ്പറേഷനുകളിലെ കാസറഗോഡ് ജില്ലയിലെ പെരിയ രാജപുരം തോട്ടങ്ങളി, ചീമേനി,ലും പാലക്കാട് തെങ്കര കശുമാവിൻ തോട്ടത്തിലും സുരക്ഷിതമായ ബാരലുകളിൽ സൂക്ഷിച്ചിരിക്കുന്ന കാലഹരണപ്പെട്ട എൻഡോസൾഫാൻ പ്രകൃത്യനുകൂലമായി നശിപ്പിക്കുന്നതിന് കാസറഗോഡ് ജില്ല കളക്ടറേറ്റിൽ പ്രവർത്തിക്കുന്ന എൻഡോസൾഫാൻ സെൽ മുഖാന്തിരം നടപടികൾ സ്വീകരിച്ച് വരുന്നുണ്ട് ഹിന്ദുസ്ഥാൻ ഇൻസെക്ടിസൈഡ് ലിമിറ്റഡിന്റെ സഹായത്തോടെ തുടർ നടപടികൾ സ്വീകരിച്ച് വരുന്നുണ്ട് .2012 ൽ പ്രത്യേക ബാരലുകളിലേക്ക് മാറ്റിയ എൻഡോൾപാൻ സാംപിളുകൾ 2018 ഫിബ്രുവരി മാസത്തിൽ ശേഖരിക്കുകയും പരിശോധന റിപ്പോർട്ട് അനുസരിച്ച് ~~ഷി~~ നിർവീര്യമാക്കുന്ന ~~പ്രവർത്തനം~~ ഉദ്യമം നടത്തുന്നതുമാണ്

## മറ്റ് ആശ്വാസനടപടികൾ

1. **പ്രതിമാസ പെൻഷൻ :**

എൻഡോസൾഫാൻ ദുരിതബാധിത പട്ടികയിൽ ഉൾപ്പെട്ടവർക്ക് കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ മുഖേന അവരുടെ രോഗാവസ്ഥയുടെ അടിസ്ഥാനത്തിൽ കാറ്റഗറി തിരിച്ച് 1200, രൂപ നിരക്കിൽ 2200 പെൻഷൻ പ്രതിമാസ പെൻഷൻ നൽകി വരുന്നുണ്ട് .

2. **സ്പെഷൽ ആശ്വാസകിരണം പദ്ധതി:**

എൻഡോസൾഫാൻ ദുരിതം മൂലം കിടപ്പിലായവരെ പരിചരിക്കുന്നവർക്കുന്നവർക്ക് സ്പെഷൽ ആശ്വാസകിരൺ പദ്ധതി മുഖേന പ്രതിമാസം 700/- രൂപ നൽകി വരുന്നുണ്ട് .

3. **വിദ്യാഭ്യാസ സ്കോളർഷിപ്പ് :**

എൻഡോസൾഫാൻ ദുരിതബാധിത കുടുംബങ്ങളിലെ കുട്ടികൾക്ക് 2011–2015 മുതൽ 12– 16 വരെയുള്ള അധ്യയന വർഷത്തേക്കുള്ള പ്രത്യേക വിദ്യാഭ്യാസ സഹായമായും അനുവദിച്ച് നൽകിയിട്ടുണ്ട്

- ബഡ്സ് സ്കൂൾ ................................ 2000 രൂപ വീതം
- ഒന്നു മുതൽ 7 വരെ ............................ 2000 രൂപ വീതം
- 8 മുതൽ 10 വരെ ക്ലാസ് ................. 3000 രൂപ വീതം

- 11, 12 ക്ലാസ് ........................................ 4000 രൂപ വീതം

**5ദുരിതബാധിതർക്ക് കാനറബാങ്ക് സഹായത്തോടെയുള്ള ഭവനപദ്ധതി ഃ**

കാനറാബാങ്ക് സഹായത്തോടെ ദുരിതബാധിത 11 പഞ്ചായത്തുകളിൽ തിരഞ്ഞെടുക്കപ്പെട്ട ദുരിതബാധിതർക്ക് ഓരോ വീട് നിർമ്മിച്ചിട്ടുണ്ട്.പ്രസ്തുത വീടുകൾ അർഹരായവർക്ക് കൈമാറിയിട്ടുണ്ട്.

**.6കെസെഫ്– സുൽത്താൻ ഗോൾഡ് , ഭവന പദ്ധതി ഃ**

കാസറഗോഡ് സോഷ്യോ ഇക്കണോമിക് ഫോറം, സുൽത്താൻ ഗോൾഡ് എന്നവർ തിരഞ്ഞെടുത്ത ദുരിതബാധിതർക്ക് 4 വീടുകൾ വെയ്ക്കുന്നതിനായി ആകെ 15.6 ലക്ഷം അനുവദിച്ച് നൽകിയിട്ടുണ്ട്. ബന്ധപ്പെട്ട ദുരിതബാധിതർക്ക് വീട് നിർമ്മിക്കുന്നതിനായി KARE .വിദ്യാനഗർ എന്ന സംഘടനയെ ചുമതലപ്പെടുത്തുകയും പ്രവർത്തികൾ പൂർത്തിയാക്കി വീടുകൾ കൈമാറുകയും ചെയ്തിട്ടുണ്ട്.

**.7സാഫല്യം ഭവന പദ്ധതി.ഃ**

, ജനസമ്പർക്ക പരിപാടി കരുതൽ– 2015 ൽ എൻഡോസൾഫാൻ ദുരിതബാധിതർക്കുവേണ്ടി സർക്കാരിൻെറയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും .സന്നദ്ധസംഘടനകളുടെയും പങ്കാളിത്തത്തോടു കൂടി സാഫല്യം എന്ന പേരിൽ ഭവനപദ്ധതി നടപ്പിലാക്കുന്നതിന് ലക്ഷ്യമിട്ടിരുന്നു .ആയതിൻെറ.ഭാഗമായി തിരുവനന്തപുരം കേന്ദ്രമായി പ്രവർത്തിക്കുന്ന സത്യസായി ട്രസ്റ്റ് സ്വന്തം നിലയിൽ എൻഡോസൾഫാൻ ദുരിതബാധിതരിൽ ഭൂരഹിതരും, നിർധനരുമായവർക്ക് 108 വീടുകൾ വെച്ച് നൽകുന്നതിന് തയ്യാറാവുകയും പുല്ലൂർ പെരിയ പഞ്ചായത്തിൽ 36 വീടുകൾ നിർമ്മിച്ച് നൽകുകയും ചെയ്തിട്ടുണ്ട്.